DA1/726/2018/LSGD

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2017-18 വർഷം നടപ്പാക്കിയ തെരഞ്ഞെടുക്കപ്പെട്ട വയോജനങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റ് നൽകുന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് കൺസ്യൂമർ ഫെഡിന് നൽകാനുള്ള തുക മാത്രം കൊടുക്കാൻ നാറാത്ത് ഗ്രാമപഞ്ചായത്തിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 2663 /2018/തസ്വഭവ　　　　　　　　　　തിരുവനന്തപുരം, തീയതി, 17.10.2018

പരാമർശം :- 1 നാറാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.08.2018-ലെ A2-200/17-ാം നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018-ലെ പ്രത്യേക വിഷയ തീരുമാനം നം. 4.1

**ഉത്തരവ്**

2017-18 വർഷം തെരഞ്ഞെടുക്കപ്പെട്ട വയോജനങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്യാനുള്ള പ്രോജക്ട് നടപ്പാക്കിയെന്നും ഇതിനായി 2017 നവംബർ വരെ 50,000/- രൂപയുടെ ഭക്ഷ്യ ധാന്യങ്ങൾ വാങ്ങി നൽകിയെന്നും ഈ തുക ധാന്യ കിറ്റ് നൽകിയ കൺസ്യൂമർ ഫെഡിന് നൽകാൻ അനുമതി (പ്രോ.നം. 150/18, അടങ്കൽ 3.00 ലക്ഷം രൂപ) നൽകണമെന്നും പരാമർശം(1) പ്രകാരം നാറാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

27.09.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പുനപരിശോധിച്ച ടി യോഗത്തിന്റെ പരാമർശം (2)ലെ തീരുമാനപ്രകാരം കൺസ്യൂമർ ഫെഡിന് നൽകാനുള്ള തുക മാത്രം കൊടുക്കാൻ നാറാത്ത് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ഇനിയും ഈ പദ്ധതി തുടരേണ്ടതില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ